# സംസ്കാര പരിപോഷണം കസേരകളിൽ മാത്രം

\- ഡോ.തിക്കുറിശ്ശി ഗംഗാധരൻ

ചില സ്ഥാപനങ്ങളും കസേരകളും സൃഷ്ടിച്ച് വേണ്ടപ്പെട്ടവരെ അതിൽ പ്രതിഷ്ഠിക്കുന്നതിലപ്പുറം സംസ്കാരത്തിനും ഭാഷയ്ക്കും വേണ്ടി ഒരു പ്രവർത്തനങ്ങളും കേരളത്തിൽ നടക്കുന്നില്ലെന്ന് പ്രമുഖ ഫോക്‌ലോർ ഗവേഷകനും ഗ്രന്ഥകാരനുമായ ഡോ.തിക്കുറിശ്ശി ഗംഗാധരൻ അഭിപ്രായപ്പെട്ടു. കേരളഫോക്‌ലോർ അക്കാദമിയുടെ അംഗീകാരത്തോടെ തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ പ്രവർത്തിച്ചുവരുന്ന നന്തുണി ഫോക്‌ലോർ ക്ലബ്ബിന്റെ വാർഷികവും നാട്ടരങ്ങും ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. തെക്കൻ പാട്ടുകൾക്ക് ഫോക്‌ലോർ അക്കാദമി അർഹിക്കുന്ന പ്രാധാന്യം നൽകിയിട്ടില്ലെന്നും പാഠപുസ്തകങ്ങളിൽപ്പോലും വടക്കൻപാട്ടുകളെ മാത്രമേ ഉൾപ്പെടുത്താറുള്ളൂ എന്നും അദ്ദേഹം പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഡോ.എം.ആർ സുദർശനകുമാർ അദ്ധ്യക്ഷത വഹിച്ചു. മലയാളവിഭാഗം മേധാവി ഡോ.അജയപുരം ജ്യോതിഷ്കുമാർ, കോളേജ് സ്റ്റാഫ് കൗൺസിൽ സെക്രട്ടറി ഡോ.ആർ ഗോപകുമാർ എന്നിവർ ആശംസ നേർന്നു കൊണ്ട് സംസാരിച്ചു. മുതിർന്ന നന്തുണിപ്പാട്ട് കലാകാരനായ കൂവളശ്ശേരി ചന്ദ്രനാശാനെയും ഡോ.തിക്കുറിശ്ശി ഗംഗാധരനെയും ആദരിച്ചു. നന്തുണി ഫോക്‌ലോർ ക്ലബ്ബ് കൺവീനർ ഡോ.എസ്.എൽ സംഗീത സ്വാഗതവും ഡോ.ബി.എസ് ബിനു നന്ദിയും പറഞ്ഞു. തുടർന്ന് നടന്ന നാട്ടരങ്ങിൽ ശ്രീ.കരുമം രാധാകൃഷ്ണൻ നായരും സംഘവും അവതരിപ്പിച്ച വിൽപ്പാട്ട്, കൂവളശ്ശേരി ചന്ദ്രനാശാൻ അവതരിപ്പിച്ച നന്തുണിപ്പാട്ട്, കുട്ടികളുടെ നാടൻപാട്ട് എന്നിവ അരങ്ങേറി.